**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **23-07-2021 - ൽ മറുപടിയ്ക്ക്**

**സമുദ്രസമ്പത്തിന്റെ വാണിജ്യചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ സുജിത് വിജയൻപിള്ള | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ സമുദ്രസമ്പത്ത് അന്താരാഷ്ട്ര കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്ന തരത്തിൽ സമുദ്രസമ്പത്തിന്റെ വാണിജ്യചൂഷണത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സുസ്ഥിരവും സമഗ്രവുമായ സാമ്പത്തിക വളർച്ചയെ പ്രോത്സാഹി പ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ ജി.ഡി.പി വർദ്ധിപ്പിക്കുക, അതേ സമയം ദേശീയ വികസന ലക്ഷ്യങ്ങളോടും അന്താരാഷ്ട്ര പ്രതിബദ്ധതകളോടും കൂടി ഇന്ത്യയുടെ വികസന അജണ്ടയെ വിന്യസിക്കുക എന്ന ലക്ഷ്യത്തോട് കൂടി രൂപവൽക്കരിച്ച ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥ കരട് നയ ചട്ടക്കൂട് സെപ്റ്റംബർ 2020ന് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഈ നടപടി മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിശോധിക്കുമോ; | (ബി) | സംസ്ഥാനത്തെ മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ ആശങ്കയും നിർദ്ദേശവും കേന്ദ്രത്തെ അറിയിക്കുന്നതാണ്. |
| (സി) | പ്രസ്തുത നടപടി തീരദേശവാസികളുടെ ജീവനോപാധിക്കു ഭീഷണിയാകുമെന്ന് ആശങ്കയുളള സാഹചര്യത്തിൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയതിനു ശേഷം മാത്രം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ